## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6195** **31.10.2011-ൽ മറുപടിക്ക്.**

## റെയിൽവേ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ഇ.പി. ജയരാജൻ**<br>**ശ്രീ.സി.കെ. സദാശിവൻ**<br>**ശ്രീ.എം. ചന്ദ്രൻ**<br>**ശ്രീ. വി. ശിവൻകുട്ടി** | | **ശ്രീ. ആര്യാടൻ മുഹമ്മദ്**<br>**(ഊർജ്ജ വകുപ്പു മന്ത്രി)** | |
| (എ) | കേരളത്തിന്റെ റെയിൽവേ വികസനത്തിനായുള്ള പദ്ധതികൾ അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | പദ്ധതികളുടെ മുൻഗണനാ ക്രമത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കുന്നതിനും, സമ്മർദ്ദം ചെലുത്തുന്നതിനും തയ്യാറാകുമോ; | (ബി) യും (സി)യും | കേരളത്തിന്റെ റയിൽവേ വികസനത്തിന് മുൻഗണനാടിസ്ഥാനത്തിൽ ആവശ്യമായ പെനിൻസുലാർ റയിൽവേ സോൺ, 2008-09 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പാലക്കാട് റയിൽകോച്ച് ഫാക്ടറി, 2007 ലെ ബഡ്ജറ്റിൽ അനുവദിച്ച ചേർത്തല വാഗൺ ഫാക്ടറി, തെക്ക് - വടക്ക് അതിവേഗ റയിൽ ഇടനാഴി, ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം, നേമം കോട്ടയം എന്നിവിടങ്ങളിലെ കോച്ചിംഗ് ഡിപ്പോകൾ, കൊച്ചു വേളി റയിൽവേ ടെർമിനൽ വികസനം, തിരുവനന്തപുരത്ത് റെയിൽവേ മെഡിക്കൽ കോളേജ്, തിരുവനന്തപുരത്ത് ബോട്ടിലിംഗ് പ്ലാന്റ്, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കോട്ടയം റയിൽവേ സ്റ്റേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നത്, ചെന്നൈ - ബാംഗ്ലൂർ - കോയമ്പത്തൂർ- എറണാകുളം അതിവേഗ ഡെഡിക്കേറ്റഡ് - കോറിഡോർ തിരുവനന്തപുരം വരെ നീട്ടുന്നത്, പഴയ എറണാകുളം ടെർമിനസ് സ്റ്റേഷൻ സബർബൻ ട്രെയിൻ ഹബ്ബായി പ്രവർത്തിപ്പിക്കുന്നത് 2011- 12 റയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ തീവണ്ടികൾ അനുവദിക്കുന്നത് തുടങ്ങിയ പദ്ധതികൾ |
| (സി) | കേരളത്തിന്റെ മുൻഗണനാടിസ്ഥാനത്തിലുള്ള റെയിൽവേ വികസന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികൾ ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ? | | |

| | | |
|---|---|---|
| | | അനുവദിക്കണമെന്ന് 19.9.2011 ന് സംസ്ഥാനം സന്ദർശിച്ച ബഹു. കേന്ദ്ര റയിൽവേ വകുപ്പ് മന്ത്രിയുമായി മുഖ്യമന്ത്രി നടത്തിയ യോഗത്തിൽ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്. പാലക്കാട് റയിൽ കോച്ച് ഫാക്ടറിയുടെ തറക്കല്ലിടീൽ ചടങ്ങ് നടത്താമെന്നും, ചേർത്തല വാഗൺ ഫാക്ടറിയുടെ തീരുമാനം ഉടനെടുക്കുമെന്നും തിരുവനന്തപുരത്ത് ഒരു സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് തുടങ്ങുമെന്നും, തിരുവനന്തപുരം - കന്യാകുമാരി വൈദ്യുതീകരണം 2011 ഡിസംബർ 31 ഓട് കൂടി പൂർത്തിയാക്കുമെന്നും നിലമ്പൂർ - തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് ഉദ്ഘാടനം ചെയ്യുമെന്നും, 2011 ഒക്ടോബർ അവസാനത്തോടെ മംഗലാപുരം - പാലക്കാട് പ്രതിദിന ഇന്റർസിറ്റി ട്രെയിൻ ഓടി തുടങ്ങുമെന്നും, കന്യാകുമാരി ഡിബ്രുഗർഗ് എക്സ്പ്രസ് ട്രെയിനും തയ്യാറാണെന്നും, തിരക്കുള്ള സമയത്ത് സ്ത്രീകൾക്കുള്ള ട്രെയിനുകൾ ലഭ്യമാക്കുമെന്നും തലശ്ശേരി മൈസൂർ റയിൽവേ ലൈനിന് ഏത് മാതൃക അവലംബിക്കണമെന്ന തീരുമാനം കേന്ദ്ര റയിൽവേ സഹമന്ത്രിയും റയിൽവേ ബോർഡ് ചെയർമാനുമായി ന്യൂഡൽഹിയിൽ വച്ച് ബഹു. കേന്ദ്ര റയിൽ മന്ത്രി ചർച്ച ചെയ്ത് തീരുമാനിക്കുമെന്നും, ട്രെയിനുകൾക്ക് ഇനിയും സ്റ്റോപ്പുകൾ അനുവദിക്കുന്നതിനെ കുറിച്ച് ഒരു സമവായത്തിലെത്തുവാൻ ചർച്ചകൾ നടത്തുമെന്നും അങ്കമാലി ശബരി റയിൽവേ ലൈനിനുള്ള സ്ഥലമെടുപ്പിന് FTP രീതി അവലംബിക്കുന്നത് സംബന്ധിച്ച് ഉചിതമായ ഒരു തീരുമാനം ബഹു. കേന്ദ്ര റയിൽവേ മന്ത്രി റയിൽവേ ബോർഡ് അംഗങ്ങളുമായി ചർച്ച ചെയ്ത് തീരുമാനിക്കുമെന്നും, വർക്കലയിൽ ശിവഗിരിയിലെ തീർത്ഥാടനത്തിനായി ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദി ക്കുമെന്നും, കോട്ടയം റെയിൽവേ സ്റ്റേഷനിൽ തീർത്ഥയാത്രക്കാർക്കുള്ള ഷെൽട്ടർ നിർമ്മിക്കുമെന്നും, PPP മാതൃകയിൽ |

| | | |
|---|---|---|
| | | റയിൽവേ സ്റ്റേഷനുകൾ വേൾഡ് ക്ലാസ്സായി ഉയർത്താവുന്നതാണെന്നും, അധികമായി കോച്ചുകളും ട്രെയിനു കൾക്ക് സ്റ്റോപ്പുകളും അനുവദിക്കുന്ന കാര്യം പരിഗണിക്കുമെന്നും സ്റ്റേഷനുകളുടെ നിലവാരം ഉയർത്തൽ യാത്രക്കാർക്കായി സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവ ചെയ്യുവാൻ ലഭ്യമായ ഫണ്ടിന്റെ പരിമിതിക്കുള്ളിൽ നിന്നും റയിൽവേ തീർച്ചയായും ശ്രമിക്കുമെന്നും. മാവേലിക്കര - ചെങ്ങന്നൂർ റയിൽപ്പാതയുടെ ഇരട്ടിപ്പിക്കൽ, 31.3.2012 ന് പൂർത്തിയാക്കുമെന്നും, കായംകുളം-ഹരിപ്പാട് റയിൽപ്പാത ഇരട്ടിപ്പിച്ച് 2011 ഒക്ടോബർ മാസത്തിൽ കമ്മീഷൻ ചെയ്യുമെന്നും, 2012 ജനുവരി മാസം ഹരിപ്പാട് - അമ്പലപ്പുഴ പാത ഇരട്ടിപ്പിക്കൽ പണി തുടങ്ങുമെന്നും, മംഗലാപുരം-ഷൊർണൂർ പാത ഇരട്ടിപ്പിക്കൽ 2012 ജനുവരിയോടെ പൂർത്തിയാക്കുമെന്നും, ഷൊർണൂർ കണ്ണൂർ റയിൽപാതയുടെ വൈദ്യുതീകരണം 2013 മാർച്ച് മാസം പൂർത്തിയാക്കുമെന്നും, കണ്ണൂർ - മംഗലാപുരം റയിൽപാതയുടെ വൈദ്യുതീകരണം 2014 മാർച്ച് മാസം പൂർത്തിയാക്കുമെന്നും, തിരുവനന്തപുരം - കന്യാകുമാരി റയിൽപാതയുടെ വൈദ്യുതീകരണം 2011 ഡിസംബർ 31 ഓടു കൂടി പൂർത്തിയാക്കുമെന്നും, 2014 അവസാനത്തോടു കൂടിയോ 2015 ആദ്യമോ പുനലൂർ- ചെങ്കോട്ട റയിൽ പാതയുടെ ഗേജ് മാറ്റം പൂർത്തിയാക്കു മെന്നും, പൊള്ളാച്ചി - പാലക്കാട് റയിൽ പാതയുടെ ഗേജ് മാറ്റം 31.3.2012 ന് പൂർത്തിയാക്കുമെന്നും, ഈ വർഷം പ്രഖ്യാപിക്കപ്പെട്ട റയിൽപ്പാതകളുടെ സർവ്വേ അടുത്ത കൊല്ലം പൂർത്തിയാക്കുമെന്നും അങ്കമാലി-കാലടി റയിൽ പാതയുടെ പണി 30.6.2012 ഓടെ പൂർത്തിയാക്കുമെന്നും, റയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച എല്ലാ ട്രെയിനുകളും ആരംഭിക്കുന്നതിന് എല്ലാ നടപടിയും എടുക്കു മെന്നും, സംസ്ഥാന സർക്കാർ സ്ഥലം |

| | | |
|---|---|---|
| | | ലഭ്യമാക്കുന്ന മുറയ്ക്ക് റയിൽവേ റിസർവേഷൻ കൗണ്ടറുകൾ തുടങ്ങുമെന്നും, തിരുവനന്തപുരം സെക്രട്ടേറി യേറ്റിൽ ഒരു റിസർവേഷൻ കൗണ്ടർ, സ്ഥലവും, ഉദ്യോഗസ്ഥരേയും ലഭ്യമാക്കിയാൽ തുടങ്ങുമെന്നും മറ്റും 19.9.2011 ന് കേന്ദ്ര റയിൽവേ മന്ത്രി കേരള മുഖ്യമന്ത്രിയുമായി നടന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ